| | | | |
|---|---|---|---|
| മുനിസിപ്പാലിറ്റി പൊതു സമിതി | വാർഡ് കൗൺസിലർ | | • അംഗസംഖ്യ (30 - 40)<br>• വാർഡിലെ എ ഡി എസ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ 2 പേർ (ഒരാൾ വനിത)<br>• അങ്കണവാടി വർക്കർമാർ<br>• അതാത് വാർഡിലെ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ / ഗ്രന്ഥശാലകൾ / സമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ വനിത പ്രതിനിധികൾ<br>• രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ |
| മുനിസിപ്പാലിറ്റി നിർവ്വഹണ സമിതി | വാർഡ് കൗൺസിലർ | അങ്കണവാടി വർക്കർ / സമിതി തിരഞ്ഞെടുക്കുന്ന ഒരു വനിത അംഗം | • കർഷക സമിതികൾ / സമാജങ്ങൾ തുടങ്ങിയവയെ പ്രതിനിധീകരിച്ച് 2 പേർ (ഒരാൾ വനിത)<br>വാർഡിലെ 2 പ്രതിനിധികൾ<br>• രാഷ്ട്രീയപാർട്ടികളെ പ്രതിനിധീകരിച്ച 2 പേർ (ഒരാൾ വനിത)<br>• പൊതു സമ്മതനായ റിട്ടയേഡ് ഉദ്യോഗസ്ഥർ / വക്കീൽ/ ഡോക്ടർ എന്നിവരിൽ നിന്ന് 2 പേർ (ഒരാൾ വനിത)<br>• വാർഡിലെ JPHN/JHI |
| കോർപറേഷൻ | വാർഡ് കൗൺസിലർ | ഐ സി ഡി എസ് സൂപ്പർ വൈസർ | • ADS ൽ നിന്ന് 2 പേർ<br>• വിവിധ സംഘടനകളിൽ നിന്നായി 2 പേർ (ഒരാൾ വനിത)<br>• രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധിയായി ഒരാൾ<br>• പൊതു സമ്മതനായ/റിട്ടയേഡ് ഉദ്യോഗസ്ഥർ/വക്കീൽ/ ഡോക്ടർ എന്നിവരിൽ നിന്ന് 2 പേർ (ഒരാൾ വനിത)<br>• സ്ഥലം SI<br>• വാർഡിലെ ആരോഗ്യ പ്രവർത്തക |

### 3. വാർഡ് തല ആരോഗ്യ – ശുചിത്വ – പോഷണ സമിതി
### Village Health Nutrition & Sanitation Committee

ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, പോഷണ നിലവാരം ഉയർത്തൽ, ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തി പൊതു സ്ഥലങ്ങളിൽ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കൽ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് നിർബന്ധമായും രൂപീകരിക്കേണ്ട സമിതിയാണ് വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി.

### ലക്ഷ്യങ്ങൾ

- ഗർഭിണികളുടെ രജിസ്ട്രേഷൻ
- ഗർഭകാല പരിശോധന
- പ്രസവാനന്തര പരിശോധന
- കുട്ടികളുടെ വളർച്ച നിരീക്ഷണം
- ഗർഭിണികൾക്കും കുട്ടികൾക്കും ഉള്ള രോഗ പ്രതിരോധ കുത്തിവയ്പുകൾ
- 9 മാസം മുതൽ 6 വയസ്സ് വരെയുള്ള കുഞ്ഞുങ്ങൾക്ക് വൈറ്റമിൻ A നൽകുക.
- ഗർഭകാലത്തും പ്രസവാനന്തരവും ശ്രദ്ധിക്കേണ്ട വിഷയങ്ങൾ, 6 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ എന്നിവയുടെ ബോധവത്കരണ ക്ലാസ്സുകൾ നൽകുക.
- കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾ കാലേകൂട്ടി നിർണ്ണയിക്കുക.
- പരാമർശ സേവനം ഉറപ്പുവരുത്തുക.
- വാർഡ് തല ശുചീകരണം, വ്യക്തി ശുചിത്വം, ജീവിത ശൈലി രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ തുടങ്ങിയ വിഷയങ്ങളുടെ ബോധവത്കരണവും, ഊർജിത ഇടപെടലും നടത്തുക.

### സമിതിയുടെ ഘടന

| | |
|---|---|
| ചെയർമാൻ | വാർഡ് മെമ്പർ |
| കൺവീനർ | ആശ വർക്കർ |
| അംഗങ്ങൾ<br>(കുറഞ്ഞത് 15 പേർ) | • JPHN<br>• അങ്കണവാടി പ്രവർത്തക / പ്രവർത്തകർ (ഒന്നിലധികം അങ്കണവാടികൾ ഉണ്ടെങ്കിൽ)<br>• പ്രൈമറി സ്കൂൾ അധ്യാപകരിൽ നിന്നും ഒരാൾ<br>• വാട്ടർ അതോറിറ്റി പ്രതിനിധി<br>• MGNREGA പ്രോഗ്രാം ഫീൽഡ് കോർഡിനേറ്റർ<br>• സാമൂഹ്യാധിഷ്ഠിത സംഘടനകളുടെ ഓരോ പ്രതിനിധികൾ<br>• കുടുംബശ്രീ ADS ചെയർപേഴ്സൺ/ പ്രതിനിധി<br>• വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ പ്രതിനിധികൾ (ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ തുടങ്ങിയവർ, കൂടാതെ പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ, PHC, ICDS സൂപ്പർവൈസർ തുടങ്ങിയവർക്കും പങ്കെടുക്കാവുന്നതാണ്)<br><br>NOTE:<br>50% അംഗങ്ങൾ സ്ത്രീകൾ ആയിരിക്കണം<br>SC/ST പ്രാതിനിധ്യം ഉണ്ടായിരിക്കണം |

***NB : സ്കീമുകളുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും മറ്റു വിവരങ്ങൾക്കും ഏറ്റവും അടുത്തുള്ള അങ്കണവാടി പ്രവർത്തകയെയോ, ഐ. സി. ഡി. എസ്. സൂപ്പർവൈസറേയോ, ശിശുവികസന പദ്ധതി ഓഫീസറുമായോ ബന്ധപ്പെടുക***

**Child line - 1098 | Women help line - 181**

അങ്കണവാടി സെ. നം., സ്ഥലം : ..............................................................


പ്രവർത്തകരുടെ പേര് : ..............................................................

**വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം 695012**
PH : 04712346508, 2346538 / Email : directorate.wcd.gov.in

# വനിത ശിശു വികസന വകുപ്പ്

# സംയോജിത ശിശു വികസന സേവന പദ്ധതിയും കുടുംബശ്രീ അംഗങ്ങളും

Towards a new dawn



സംയോജിത ശിശു വികസന പദ്ധതിയിലൂടെ അനുപൂരക പോഷകാഹാരം, രോഗപ്രതിരോധ കുത്തിവെയ്പ്പ് ആരോഗ്യ പരിശോധന, പരാമർശ സേവനം (റഫറൽ സേവനങ്ങൾ), സ്കൂൾ പൂർവ അനൗപചാരിക വിദ്യാഭ്യാസം, ആരോഗ്യ പോഷണ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ ലഭ്യമാകുന്ന ഏറ്റവും താഴെ തട്ടിലുള്ള വിഭവ കേന്ദ്രങ്ങളാണ് അങ്കണവാടികൾ. നിലവിൽ 33115 അങ്കണവാടികളും 258 ICDS പ്രോജക്ടുകളും, 14 പ്രോഗ്രാം ഓഫീസുകളും സംസ്ഥാനത്തു പ്രവർത്തിക്കുന്നു. ഇതിലൂടെ ശിശുമരണ നിരക്ക് കുറക്കുക ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക മുതലായവ ലക്ഷ്യമിടുന്നു അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനും അങ്കണവാടികളുടെ സുഗമമായ പ്രവർത്തനത്തിന് കുടുബശ്രീയുടെയും, മറ്റു സ്വയം സഹായ സംഘങ്ങളുടെയും പങ്ക് വളരെ പ്രസക്തമാണ്.

### കുടുംബശ്രീയുടെ സഹകരണം അനിവാര്യമായ ഐ സി ഡി എസ് ഘടകങ്ങൾ

- അങ്കണവാടി പ്രദേശത്തെ ഗുണഭോക്താക്കൾ ICDS സേവനങ്ങൾ സ്വീകരിക്കുന്നതിന് കുടുംബശ്രീയുടെ സഹകരണം അനിവാര്യമാണ്
- ICDS ന്റെ സേവനങ്ങളും പദ്ധതികളും പൊതുസമൂഹത്തിൽ പ്രചരിപ്പിക്കുന്നതിൽ അങ്കണവാടി പ്രവർത്തകരെ സഹായിക്കുന്നതിന്.
  ഉദാ: പ്രീ സ്കൂൾ എൻറോൾമെൻറ്, പ്രീതിരോധ കുത്തിവെയ്പ്പ്, അനുപൂരക പോഷകാഹാരം എന്നിവ.
- ICDS ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദിനാചരണങ്ങൾ, സാമൂഹ്യാധിഷ്ഠിത പരിപാടികൾ തുടങ്ങിയവയിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു അങ്കണവാടി പ്രവർത്തകരെ സഹായിക്കുന്നതിന്.
- പ്രാദേശികമായി അങ്കണവാടി പ്രവർത്തനം, പ്രവർത്തകരുടെ ഇടപെടൽ എന്നിവയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്.
- ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ജാഗ്രതാ സമിതിയുടെ മുൻപാകെ കൊണ്ടുവരുന്നതിന്.
- ആരോഗ്യ പോഷണ ദിനം, ആരോഗ്യ ശുചിത്വ പോഷണ സമിതി എന്നിവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് അങ്കണവാടി പ്രവർത്തകർ, ആശാവർക്കർ എന്നിവർക്കൊപ്പം ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതിന്.
- ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന്.

### പ്രാതിനിധ്യം വഹിക്കുന്ന സമിതികൾ

1. അങ്കണവാടി ലെവൽ മോണിട്ടറിംഗ് & സപ്പോർട്ട് കമ്മിറ്റി (ALMSC)
2. വാർഡ് / പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലങ്ങളിലെ ജാഗ്രത സമിതികൾ
3. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി (VHSNC)

# ഐ.സി.ഡി.എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ

## 1. Anganwadi Level Monitoring and Supporting Committee (ALMSC)

| ഘടന | ചുമതലകൾ | യോഗ കാലയളവ് |
|---|---|---|
| • വാർഡ് മെമ്പർ (ചെയർമാൻ),<br>• അങ്കണവാടി വർക്കർ (കൺവീനർ)<br>• ICDS സൂപ്പർവൈസർ<br>• പ്രദേശത്തെ മഹിളാ സമാജത്തിലെ 2 അംഗങ്ങൾ,<br>• സ്വയം സഹായ സംഘങ്ങളിലെ 2 പേർ<br>• PHC യിലെ മെഡിക്കൽ ഓഫീസർ<br>• പൊതു സമൂഹത്തിൽ നിന്നും ഒരാൾ (അധ്യാപകർ/ റിട്ട. സർക്കാർ, ഉദ്യോഗസ്ഥർ<br>• പ്രീ സ്കൂൾ കുട്ടികളുടെ രക്ഷകർത്താക്കൾ),<br>• ആശ വർക്കർമാരിൽ നിന്നും 2 പ്രതിനിധികൾ<br><br>**ആകെ 11 അംഗങ്ങൾ** | • യോഗം കൂടി അങ്കണവാടി പ്രവർത്തനങ്ങൾ വിലയിരുത്തുക.<br>• വാർഡ് തല ആരോഗ്യ പോഷണ ശുചിത്വ സമിതി യോഗങ്ങളിൽ അങ്കണവാടി പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക<br>• അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ, ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത എന്നിവ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക<br>• പ്രാദേശികമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ബ്ലോക്ക്/ ജില്ലാ തലത്തിൽ ശ്രദ്ധയിൽ പെടുത്തുക അങ്കണവാടി സന്ദർശിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും പ്രീ സ്കൂൾ എൻറോൾമെന്റ് വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുക | മാസത്തിൽ ഒരുതവണ |

## 2. ജാഗ്രത സമിതികൾ

സ്വാതന്ത്ര്യാനന്തരം സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ മെച്ചപ്പെടുത്തുന്നതിന് അനേകം നിയമങ്ങൾക്ക് നമ്മുടെ രാഷ്ട്രം രൂപം കൊടുത്തു. ഓരോ നിയമങ്ങളും നടപ്പാക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യനീതിയിൽ ഏറെ പിന്നിലായ സ്ത്രീകൾക്കും കുട്ടികൾക്കും ഇവ അപ്രാപ്യമായി തന്നെ തുടർന്നു. പഞ്ചായത്ത് രാജ് നിയമം പ്രാദേശികസർക്കാരുകൾക്ക് ഭരണഘടനാനുസൃതമായി തന്നെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സമൂഹത്തിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് വനിതാകമ്മീഷൻ നിയമം അനുശാസിക്കുന്ന പ്രകാരം പ്രാദേശിക തല ഇടപെടൽ സംവിധാനമായി 1997ൽ ജാഗ്രതാ സമിതികളുടെ രൂപീകരണം നിർദേശിക്കപ്പെട്ടത്.

## ജാഗ്രതാ സമിതി ഘടന – വിവിധ തലങ്ങൾ

| തദ്ദേശ സ്വയം ഭരണ സ്ഥാപനം | അധ്യക്ഷൻ/ അധ്യക്ഷ | കൺവീനർ | അംഗങ്ങൾ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | ICDS സൂപ്പർ വൈസർ | 1. ഗ്രാമപഞ്ചായത്തിലെ ഒരു വനിതാ മെമ്പർ<br>2. സ്ഥലത്തെ പോലീസ് CI / SI<br>3. SC/ST വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക ഈ വിഭാഗത്തിലെ വനിതാ പഞ്ചായത്ത് മെമ്പർ<br>4. PHCയിലെ മെഡിക്കൽ ഓഫീസർ<br>5. കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ വാർഡിലെ ജാഗ്രതാ സമിതി കൺവീനർമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധി.<br>6. ഒരു വനിതാ വക്കീൽ |
| മുൻസിപ്പാലിറ്റി | മുൻസിപ്പൽ ചെയർ പേഴ്സൺ | ICDS സൂപ്പർ വൈസർ | 1. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ<br>2. ഒരു വനിതാ കൗൺസിലർ<br>3. സ്ഥലത്തെ CI / അവർ നിയോഗിക്കുന്ന SI<br>4. SC/ST വിഭാഗത്തിലെ ഒരു സാമൂഹ്യ പ്രവർത്തക<br>5. ഒരു വനിതാ ഡോക്ടർ<br>6. വാർഡ് തല ജാഗ്രതാ സമിതി കൺവീനർമാരിൽ നിന്നും ഒരാൾ<br>7. കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ<br>8. ഒരു സാമൂഹ്യ പ്രവർത്തക<br>9. ഒരു വനിതാ വക്കീൽ |
| കോർപറേഷൻ | മേയർ | കോർപറേഷനിലെ സീനിയർ CDPO | 1. ഡെപ്യൂട്ടി മേയർ<br>2. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ<br>3. DYSP / അവർ നിയോഗിക്കുന്ന CI/വനിതാ സെല്ലിലെ CI/SI<br>4. ഒരു വനിതാ ഡോക്ടർ<br>5. SC/ST വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക<br>6. ഒരു സാമൂഹ്യ പ്രവർത്തക<br>7. ഒരു കൗൺസലിംഗ് വിദഗ്ധ<br>8. വനിതാ വക്കീൽ |
| ജില്ല | ജില്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 1. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്<br>2. ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്<br>3. മുൻസിപ്പൽ അസോസിയേഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുൻസിപ്പൽ ചെയർപേഴ്സൺ<br>4. ജില്ലാ പോലീസ് സൂപ്രണ്ട്<br>5. റവന്യു ഡിവിഷണൽ ഓഫീസർ<br>6. വുമൺ പ്രൊട്ടക്ഷൻ ഓഫീസർ<br>7. SC/ST വിഭാഗത്തിലെ സാമൂഹ്യ പ്രവർത്തക<br>8. 2 സാമൂഹ്യ പ്രവർത്തകർ<br>9. വനിതാ വക്കീൽ |

## വാർഡ് തല ജാഗ്രത സമിതിയുടെ ഘടന

| സമിതി | അധ്യക്ഷൻ/ അധ്യക്ഷ | കൺവീനർ | അംഗങ്ങൾ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് പൊതുസമിതി | വാർഡ് മെമ്പർ | അങ്കണവാടി വർക്കർ | • അംഗസംഖ്യ (30 - 40)<br>• വാർഡിലെ ADS എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ 7 പേർ<br>• SC/ST പ്രതിനിധികൾ 2 പേർ ( ഒരാൾ വനിത )<br>• അങ്കണവാടി വർക്കർമാർ<br>• അതാത് വാർഡിലെ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ / ഗ്രന്ഥശാലകൾ / സമാജങ്ങൾ തുടങ്ങിയവയിൽ നിന്നും ഓരോ വനിത പ്രതിനിധികൾ<br>• രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ |
| ഗ്രാമപഞ്ചായത് നിർവ്വഹണ സമിതി | വാർഡ് മെമ്പർ | സമിതി തിരഞ്ഞെടുക്കുന്ന ഒരു വനിത അംഗം | • വാർഡിലെ എ ഡി എസ് ൽ നിന്ന് 2 പ്രതിനിധികൾ<br>• വനിത സംഘടനകൾ ഗ്രന്ഥശാലകൾ / സമാജങ്ങൾ/വായനശാലകൾ/ക്ലബ്ബുകൾ എന്നിവയെ പ്രതിനിധീകരിച്ച് ഒരാൾ<br>• രാഷ്ട്രീയപാർട്ടികളെ പ്രതിനിധീകരിച്ച് 2 പേർ (ഒരാൾ വനിത)<br>• പൊതുസമ്മതനായ / റിട്ടയേഡ് ഉദ്യോഗസ്ഥർ/വക്കീൽ/ ഡോക്ടർ എന്നിവരിൽ നിന്ന് 2 പേർ (ഒരാൾ വനിത) |

**സൈക്കോ സോഷ്യൽ പദ്ധതി**

കൗമാരക്കാരുടെ ശാരീരിക മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സമഗ്ര വികസനത്തിനും വേണ്ടി സൈക്കോ സോഷ്യൽ പദ്ധതിയുടെ കീഴിൽ സ്കൂൾ കൗൺസിലേഴ്സിനെ സ്കൂളുകളിൽ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ സേവനം അങ്കണവാടികളിലും പ്രയോജനപ്പെടുത്തുന്നു

**1. ആശ്വാസനിധി**

- ആസിഡ് ആക്രമണം/ഗാർഹിക പീഡനം/ ലൈംഗിക അതിക്രമങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ധനസഹായം.
- ലഭ്യമാകുന്ന തുക. 25000-100000/- രൂപ വരെ.
- അപേക്ഷ നൽകേണ്ടത് - ജില്ലാ ശിശു സംരക്ഷണ ഓഫീസർ / വനിതാ സംരക്ഷണ ഓഫീസർ.

**2. പടവുകൾ**

- അംഗീകൃത പ്രൊഫഷണൽ കോഴ്സിന് മെറിറ്റ് അടിസ്ഥാനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ (വിധവകളായ സ്ത്രീകളുടെ-മക്കൾ) ക്കുള്ള ധനസഹായം
- അപേക്ഷ നൽകേണ്ടത് - ശിശുവികസന പദ്ധതി ഓഫീസർ മുഖേന

**3. മംഗല്യ**

- വിധവകൾ/ നിയമപരമായി വിവാഹമോചിതരായ 18-50 വയസുവരെയുള്ള വനിതകൾക്കുള്ള പുനർ വിവാഹ ധനസഹായ പദ്ധതി.
- ലഭ്യമാകുന്ന തുക - 25,000/- രൂപ
- അപേക്ഷ നൽകേണ്ടത് -ശിശുവികസന പദ്ധതി ഓഫീസർ മുഖേന

**4. അഭയകിരണം**

- 50 വയസിനു മുകളിലുള്ള വിധവകളെ സംരക്ഷിക്കുന്ന അടുത്ത ബന്ധുക്കൾക്കുള്ള ധനസഹായം
- ലഭ്യമാകുന്ന തുക. പ്രതിമാസം 1000/- രൂപ
- അപേക്ഷ നൽകേണ്ടത് - ശിശുവികസന പദ്ധതി ഓഫീസർ മുഖേന

**5. സഹായ ഹസ്തം**

- 55 വയസിൽ താഴെയുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ഒറ്റത്തവണയായി നൽകുന്ന ധനസഹായം
- ലഭ്യമാകുന്ന തുക : 10,000/- രൂപ
- അപേക്ഷ നൽകേണ്ടത് - ശിശുവികസന പദ്ധതി ഓഫീസർ മുഖേന

**6. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം**

- അച്ഛൻ ഉപേക്ഷിച്ചു പോയതോ/ മാരകരോഗം കാരണം അച്ഛൻ കിടപ്പിലായതോ ആയവരുടെ കുട്ടികൾ
- ലഭ്യമാകുന്ന തുക - 3000-10000/- രൂപ വരെ (വാർഷികം)
- അപേക്ഷ നല്കേണ്ടത് - ശിശുവികസന പദ്ധതി ഓഫീസർ മുഖേന

## ഐ.സി.ഡി.എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ

**1. അങ്കണവാടി തല മോണിറ്ററിങ്ങ് & സപ്പോർട്ട് കമ്മിറ്റി**
**(ALMSC - Anganwadi Level Monitoring and Support Committee)**

**ഘടന**

വാർഡ് മെമ്പർ (ചെയർമാൻ), അങ്കണവാടി വർക്കർ, ICDS സൂപ്പർവൈസർ പ്രദേശത്തെ മഹിളാ സമാജത്തിലെ 2 അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളിലെ 2 പേർ, PHC യിലെ മെഡിക്കൽ ഓഫീസർ, പൊതു സമൂഹത്തിൽ നിന്നും ഒരാൾ (അധ്യാപകർ/ റിട്ട. സർക്കാർ, ഉദ്യോഗസ്ഥർ/ പ്രീ സ്കൂൾ കുട്ടികളുടെ രക്ഷകർത്താക്കൾ), ആശ വർക്കർമാരിൽ നിന്നും 2 പ്രതിനിധികൾ.

**ചുമതലകൾ**

- മാസത്തിൽ ഒരുതവണ യോഗം കൂടി അങ്കണവാടി പ്രവർത്തനങ്ങൾ വിലയിരുത്തുക.
- വാർഡ് തല ആരോഗ്യ പോഷണ ശുചിത്വ സമിതി യോഗങ്ങളിൽ അങ്കണവാടി പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക
- അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ, ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത എന്നിവ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക
- പ്രാദേശികമായി പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ബ്ലോക്ക്/ ജില്ലാ തലത്തിൽ ശ്രദ്ധയിൽപെടുത്തുക അങ്കണവാടി സന്ദർശിച്ച് പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും പ്രീ സ്കൂൾ എൻറോൾമെന്റ് വർധിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുക

**2. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി**
**(VHNSC) Village Health, Nutrition & Sanitation Committe**

ഓരോ പ്രദേശത്തെയും ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, പോഷണ നിലവാരം ഉയർത്തൽ, ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തി പൊതു സ്ഥലങ്ങളിൽ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കൽ എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. പ്രതിമാസം ഒരു നിശ്ചിത ദിവസംദിനാചരണം നടത്തുന്നു.

**3. ജാഗ്രതാ സമിതി.**

സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ തദ്ദേശ സ്വയംഭരണ സംവിധാനത്തിലൂടെ സ്വീകരിക്കുകയും ആവശ്യമായ നിയമ സഹായം, ഉപദേശം, പരിഹാരം എന്നിവ നൽകുകയും ചെയ്യുന്നു.
വാർഡ് തല ജാഗ്രതാ സമിതികൾ/ പഞ്ചായത്ത് തല ജാഗ്രതാ സമിതി വഴി പരാതികൾ സ്വീകരിക്കുന്നു.

***NB : സ്കീമുകളുമായി ബന്ധപെട്ട സംശയങ്ങൾക്കും മറ്റു വിവരങ്ങൾക്കും ഏറ്റവും അടുത്തുള്ള അങ്കണവാടി പ്രവർത്തകയെയോ, ഐ.സി.ഡി.എസ്. സൂപ്പർവൈസറേയോ, ശിശുവികസന പദ്ധതി ഓഫീസറുമായോ ബന്ധപെടുക***

അങ്കണവാടി സെ. നം., സ്ഥലം : ..................................................................

പ്രവർത്തകരുടെ പേര് : ..................................................................

**Child line - 1098 | Women help line - 181**

വനിത ശിശു വികസന വകുപ്പ് പൂജപ്പുര, തിരുവനന്തപുരം 695012
PH : 04712346508, 2346538 / Email : directorate.wcd.gov.in

# വനിത ശിശു വികസന വകുപ്പ്

# സംയോജിത ശിശു വികസന സേവന പദ്ധതി

Towards a new dawn



കുട്ടികളുടെ സമഗ്ര വികസനവും അവകാശ സംരക്ഷണ സാക്ഷാത്ക്കാരവും ലക്ഷ്യമിട്ടുകൊണ്ട് 1975 ഒക്ടോബർ 02 നു സംയോജിത ശിശു വികസന സേവന പദ്ധതി നിലവിൽ വന്നു.

ICDS അഥവാ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ സേവനങ്ങൾ നൽകുന്ന അടിസ്ഥാന യൂണിറ്റുകളായി സംസ്ഥാനത്ത് നിലവിൽ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അതോടൊപ്പം 258 ശിശു വികസന പദ്ധതി ഓഫീസർമാരും 14 പ്രോഗ്രാം ഓഫീസർമാരും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

## ഗുണഭോക്താക്കൾ

- ആറു വയസ്സിൽ താഴെയുള്ള കുട്ടികൾ
- ഗർഭിണികൾ
- മുലയൂട്ടുന്ന അമ്മമാർ
- കൗമാരക്കാരായ പെൺകുട്ടികൾ
- 15 മുതൽ 45 വയസ്സ് വരെ പ്രായമുള്ള സ്ത്രീകൾ (Reproductive Age)

## സേവനങ്ങൾ

- അനുപൂരക പോഷകാഹാരം
- രോഗ പ്രതിരോധ കുത്തിവയ്പ്പ്
- ആരോഗ്യ പരിശോധന
- പരാമർശ സേവനം (റഫറൽ സേവനം)
- സ്കൂൾ പൂർവ അനൗപചാരിക വിദ്യാഭ്യാസം
- ആരോഗ്യ പോഷണ വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- ജനനം മുതൽ ആറു വയസ്സ് വരെയുള്ള കുഞ്ഞുങ്ങളുടെ പോഷക ആരോഗ്യ നിലാവരം മെച്ചപ്പെടുത്തുക.
- ശിശുക്കളുടെ ശരിയായ മാനസിക ശാരീരിക സാമൂഹിക വികസനത്തിന് ആവശ്യമായ അടിത്തറ ഇടുക.
- ശിശുമരണം, രോഗാവസ്ഥ, പോഷകാഹാര കുറവ് എന്നിവയുടെ നിരക്ക് കുറയ്ക്കുക.
- കുട്ടികളുടെ സമഗ്ര വികസനം സാധ്യമാക്കുന്നതിനു വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളും നയങ്ങളും ഫലപ്രദമായി ഏകോപിപ്പിക്കുക.
- ശരിയായ പോഷണ ആരോഗ്യ ശിക്ഷണത്തിലൂടെ കുട്ടികളുടെ സാധാരണ പോഷക ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാക്കുന്ന വിധത്തിൽ രക്ഷിതാക്കൾക്ക് ശരിയായ ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകുക.

## സേവനങ്ങൾ

| | | | | | | | |
|---|---|---|---|---|---|---|---|
| 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ | അനുപൂരക പോഷകാഹാരം, അമൃതം ന്യൂട്രിമിക്സ് | സമയ ബന്ധിതമായ പ്രതിരോധ കുത്തി വെപ്പുകൾ | വളർച്ച നിരീക്ഷണം, Early Stimulation, Detection of Disability | ആരോഗ്യ പരിശോധന | റഫറൽ സേവനം | രക്ഷിതാക്കൾക്കുള്ള പോഷകഹാര ആരോഗ്യ വിദ്യാഭ്യാസം | ഭവന സന്ദർശന വും, സാമൂഹി കാധിഷ്ഠിത പരി പാടികളും (സീമന്ത സംഗമം, കുഞ്ഞൂണ്, ദമ്പതി സംഗമം, നിർമല സംഗമം, വർണ സംഗമം) |
| 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ | അനുപൂരക പോഷകാഹാരം | സമയ ബന്ധിതമായ പ്രതിരോധ കുത്തി വെപ്പുകൾ ആരോഗ്യ പരിശോധനയും | വളർച്ച നിരീക്ഷണം, റഫറൽ സേവനം | ECCE ✸ - ശൈശവ പൂർവ്വകാല പരിചരണവും - വിദ്യാഭ്യാസവും - സ്കൂൾ റെഡിനസ് | സ്കൂൾ പൂർവ്വ അനൗപചാരിക വിദ്യാഭ്യാസം | രക്ഷിതാക്കൾക്കുള്ള പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | |
| ഗർഭിണികൾ | അനുപൂരക പോഷകാഹാരം | ആസൂത്രിത ഗർഭധാരണം, പ്രതിരോധ കുത്തി വെപ്പുകൾ IFA Tablet✸ | പ്രസവപൂർവ്വ കാല പരിശോധനയും പരാമർശ സേവനവും | കുഞ്ഞിന്റെ ആദ്യ 1000 ദിവസങ്ങൾ - ബോധവൽക്കരണം | PMMVY✸ ഒന്നാം ഗഡു, രണ്ടാം ഗഡു | പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | |
| മുലയൂട്ടുന്ന അമ്മമാർ | അനുപൂരക പോഷകാഹാരം ആദ്യത്തെ 6 മാസം വരെ | പ്രസവാനന്തര പരിശോധനയും പരാമർശ സേവനവും | സമ്പൂർണ്ണ മുലയൂട്ടൽ ബോധവൽക്കരണം | കുഞ്ഞിന്റെ ആദ്യ 1000 ദിവസങ്ങൾ - ബോധവൽക്കരണം | PMMVY✸ മൂന്നാം ഗഡു | പോഷകാഹാര ആരോഗ്യ വിദ്യാഭ്യാസം | |
| കൗമാരക്കാരായ കുട്ടികൾ | കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് അനുപൂരക പോഷകാഹാരം | ആരോഗ്യ പരിശോധനയും പരാമർശ സേവനവും | വളർച്ച നിരീക്ഷണം BMI/ വിളർച്ച നിർണയം | കൗമാര ക്ലാസ്/ കൗമാര ക്ലബുകൾ | സ്കൂൾ കൊഴിഞ്ഞുപോക്ക് തടയുക | സൈക്കോ സോഷ്യൽ കൗൺസിലറുടെ സേവനം | |

**ECCE ✸** Early Child hood Care & Education : **CBE ✸** Community Based Events
**PMMVY ✸** Pradhan Mantri Matru Vandana Yojana **IFA Tablet✸** Iron & Folic Acid Tablets

## സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

### സമ്പുഷ്ട കേരളം

കേരളത്തിലെ അമ്മമാരിലും കുട്ടികളിലും ഉണ്ടാകുന്ന പോഷണക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പോഷൺ അഭിയാന്റെ (National Nutrition Mission - NNM) ഭാഗമായി സംസ്ഥാന വനിത ശിശു വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് സമ്പുഷ്ട കേരളം. ഈ പദ്ധതിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്ക് വിതരണം ചെയ്തിട്ടുള്ള സ്മാർട്ട് ഫോണുകൾ വഴി കുട്ടികളുടെ പോഷണ നിലവാരം തൽസമയം നിരീക്ഷണം (Real Time Monitoring) നടത്തി വിലയിരുത്തുവാൻ സാധിക്കുന്നതാണ്.



- **ആദ്യ 1000 ദിവസം** – ഒരു കുഞ്ഞിന്റെ ജീവിതത്തിൽ ആദ്യ 1000 ദിവസം, അതായത് ആദ്യ കോശം അമ്മയുടെ ഗർഭപാത്രത്തിൽ ഉടലെടുക്കുന്നത് മുതൽ ജനിച്ച് രണ്ടു വയസ്സു വരെയുള്ള 1000 ദിവസങ്ങൾ വളരെയധികം നിർണായകവും പ്രാധാന്യമേറിയതുമാണ്. എന്തെന്നാൽ ഈ കാലഘട്ടത്തിലാണ് കുഞ്ഞിന്റെ വളർച്ച ഏറ്റവും ത്വരിത ഗതിയിലുള്ളത്. ഈ സമയത്ത് അമ്മമാരെയും കുട്ടികളെയും എത്രമാത്രം പോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു എന്നത് ഒരു കുട്ടിയുടെ വളരാനും പഠിക്കാനും അഭിവൃദ്ധി പ്രാപിക്കാനും ഉള്ള കഴിവിനെ ആഴത്തിൽ സ്വാധീനിക്കുന്നു. കാരണം, ആദ്യത്തെ 1000 ദിവസങ്ങളിൽ ഒരു കുട്ടിയുടെ മസ്തിഷ്കം, നാഡീവ്യൂഹം എന്നിവ ഉൾപ്പെടെ വളർന്ന് വികസിച്ച് അവരുടെ ആജീവനാന്ത ആരോഗ്യത്തിന് അടിത്തറ പണിയുകയുമാണ്.
- **സമ്പൂർണ്ണ മുലയൂട്ടൽ** – ശിശുക്കൾക്ക് ജനനം മുതൽ (ജനിച്ച് ഒരു മണിക്കൂറിനുള്ളിൽ) ആദ്യ 6 മാസം വരെ മുലപ്പാൽ മാത്രം നൽകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള ഉദ്യമമാണ് സമ്പൂർണ്ണ മുലയൂട്ടൽ. തുടർന്ന് പൂരകഹാരം ആരംഭിക്കേണ്ടതും ഇതിനോടൊപ്പം 2 വയസ്സുവരെ മുലയൂട്ടൽ തുടരേണ്ടതുമാണ്.

**ന്യൂട്രീഷൻ & പാരന്റിംഗ് ക്ലിനിക്**

സ്ത്രീകളിലും കുട്ടികളിലും കാണുന്ന ന്യൂനപോഷണം, വളർച്ചാമുരടിപ്പ്, അനീമിയ, അമിത ഭാരം എന്നിവ തടയുന്നതിനായി പോഷകാഹാര വിദഗ്ധന്റെ സേവനം

*പ്രവർത്തനം ആഴ്ചയിൽ രണ്ട് ദിവസം.*

### സാമൂഹികാധിഷ്ഠിത പരിപാടികൾ
(Communitty Based Events CBE)

**1. സീമന്ത സംഗമം**

സുരക്ഷിത ഗർഭാവസ്ഥയ്ക്കായി ഗർഭിണിയേയും കുടുംബാംഗങ്ങളെയും ആരോഗ്യ പോഷണ പരിചരണ കാര്യങ്ങളിൽ സജ്ജമാക്കുക.
*ഗുണഭോക്താക്കൾ : ഗർഭിണിയും കുടുംബവും*

**2 കുഞ്ഞൂണ്**

6 മാസം മുതൽ മുലപ്പാലിനൊപ്പം മറ്റു ആഹാരങ്ങളും നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക.
*ഗുണഭോക്താക്കൾ : 6 മാസം പ്രായമായ കുഞ്ഞും കുടുംബവും*

**3 ദമ്പതി സംഗമം**

ദമ്പതിമാരിൽ ആസൂത്രിത ഗർഭധാരണം, ഗർഭധാരണ ഇടവേള (കുഞ്ഞുങ്ങൾ തമ്മിലുള്ള പ്രായ വ്യത്യാസത്തിന്റെ ആവശ്യകത) മാതൃ ശിശു ആരോഗ്യ പോഷണത്തിന്റെ പ്രാധാന്യം എന്നിവ ബോധ്യപ്പെടുത്തുക. ശിശു പരിചരണത്തിൽ തുല്യ പങ്കാളിത്തവും ഉത്തരവാദിത്തവും ഉറപ്പുവരുത്തുക.
*ഗുണഭോക്താക്കൾ : ദമ്പതികളും കുടുംബാംഗങ്ങളും*

**4 നിർമ്മല സംഗമം**

അങ്കണവാടികളും പരിസരവും പൊതുജന പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ശുചീകരിച്ച് മോടി പിടിപ്പിക്കുന്നതിനും സമൂഹത്തിന് ശുചിത്വ സന്ദേശം നൽകുന്നതിനും, വ്യക്തിശുചിത്വം ഉറപ്പാക്കുന്നതിനും
*ഗുണഭോക്താക്കൾ : അങ്കണവാടി ഗുണഭോക്താക്കൾ*

**5 വർണ്ണ സംഗമം**

അങ്കണവാടികളിലെ കൗമാര ക്ലാസുകൾ ശക്തിപ്പെടുത്തുക. കൗമാര കുട്ടികളുടെ നേതൃപാടവം, സാമൂഹിക അവബോധം, ജീവിത നൈപുണ്യം, നിയമ പരിജ്ഞാനം എന്നിവ വളർത്തുക.
*ഗുണഭോക്താക്കൾ : കൗമാരപ്രായക്കാർ*

ഇവ കൂടാതെ കാലാനുസൃതമായി സാമൂഹിക പ്രസക്തി ഉള്ളതും പൊതുജന ശ്രദ്ധ അനിവാര്യവും പങ്കാളിത്തവുമായ പരിപാടികളും നടപ്പിലാക്കുന്നു.
*ഉദ. പ്രവേശനോത്സവം, ബാലികദിനം, വിവിധ ദിനാചരണങ്ങൾ, ജെൻ ആന്തോളൻ (പോഷൻ മാ, പോഷൻ പക്വാഡ)*

### PMMVY (പ്രധാനമന്ത്രി മാതൃവന്ദന യോജന)

ആദ്യ ഗർഭധാരണത്തിനു സർക്കാർ ധനസഹായം 5000 രൂപ

**ഗുണഭോക്താക്കൾ** - ആദ്യമായി ഗർഭിണിയാകുന്ന സ്ത്രീകൾ നിയമപരമായി വിവാഹം കഴിച്ചവർ, 19 വയസ്സ് പൂർത്തിയായവർ, ആദ്യ ഗർഭം മറ്റേതെങ്കിലും പദ്ധതി പ്രകാരം പ്രസവ ധനസഹായം ലഭ്യമാകാത്തവർ, ശമ്പളത്തോടു കൂടിയ പ്രസവാവധി ലഭ്യമാകാത്തവർ

- കേന്ദ്ര / സംസ്ഥാന സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ അർഹരല്ല

**ധനസഹായം ലഭിക്കുവാൻ എന്ത് ചെയ്യണം?**

ഗർഭിണിയാണെന്ന് അറിഞ്ഞാലുടൻ അങ്കണവാടി വർക്കർ/ആരോഗ്യപ്രവർത്തകർ/ആശ ഇവരിൽ ആരെയെങ്കിലും അറിയിക്കുക. അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുകയും നിർദ്ദിഷ്ട അപേക്ഷ ഫോറം ബന്ധപ്പെട്ട രേഖകൾ സഹിതം നൽകുകയും വേണം.

| ഗഡു | നിബന്ധനകൾ | തുക |
|---|---|---|
| ഒന്നാം ഗഡു | 150 ദിവസത്തിനുള്ളിൽ ഗർഭം രജിസ്റ്റർ ചെയ്തിരിക്കണം. | Rs. 1000/- |
| രണ്ടാം ഗഡു | 180 ദിവസത്തിനുള്ളിൽ ഒരു ANC/ആശുപത്രി പരിശോധന എങ്കിലും കഴിഞ്ഞിരിക്കണം. | Rs. 2000/- |
| മൂന്നാം ഗഡു | കുട്ടിയുടെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. കുട്ടിക്ക് ആദ്യഘട്ട (First Cycle) പ്രതിരോധ കുത്തിവെയ്പ് നൽകിയിരിക്കണം. | Rs. 2000/- |

### വനിത ശിശു വികസന വകുപ്പ് മുഖാന്തരം നൽകുന്ന സേവനങ്ങളും പദ്ധതികളും

**ജില്ലാ വനിതാ ശിശുവികസന ഓഫീസർ**

വകുപ്പിന്റെ ജില്ലാതല മേധാവിയായി നിയമിച്ചിട്ടുള്ളതും, വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെ നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥരാണിവർ.

**വനിതാ സംരക്ഷണ കാര്യാലയം (WPO)**

വനിതകളെ ഗാർഹിക പീഡനത്തിൽ നിന്ന് സംരക്ഷിക്കുന്ന നിയമം 2005 നടപ്പിലാക്കാൻ 14 ജില്ലകളിൽ വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

**ശിശുസംരക്ഷണം (ICPS)**

കുട്ടികൾക്ക് നേരെയുള്ള ശാരീരിക, മാനസിക ലൈംഗീക പീഡനങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങളും ഉത്തമ താൽപര്യങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്നു.